DESPATCHED
On..10/06/2020

12/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1622*(2)/2016*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9904**/*എസ്.ഐ.സി-ജി 6/16*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ശ്രീജിത്ത് വി.കെ.,
തെക്കേപുളിമാട് വീട്,
തിരുവല്ലം പി.ഒ.,
തിരുവനന്തപുരം, പിൻ – 695 027.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട്, (എൽ) സെക്ഷൻ,
ജുഡീഷ്യൽ ഒന്നാം ക്ളാസ് മജിസ്ട്രേറ്റ് കോടതി,
കാട്ടാക്കട.

2. അപ്പീൽ അധികാരി&
ശിരസ്തദാർ, ചീഫ് ജുഡീഷ്യൽ
മജിസ്ട്രേറ്റ് കോടതി, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17.06.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.06.2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 27.07.2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20.08.2016 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.08.2016 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 10.08.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ശ്രീജിത് വി.കെ., 10.08.2016ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1622(2)/16/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമായിരുന്നില്ലെന്നും ടിയാന് പൂർണ്ണവും വ്യക്തവുമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 17.06.2016ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 29.06.2016ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 20.08.2016ന് മറുപടി നൽകിയതായും കാണുന്നു.

4. 19.03.2019ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയിരുന്നുവെന്നും തുടർന്ന് ടിയാൻ അപ്പീൽ സമർപ്പിക്കുകയും ടിയാന് ലഭിച്ച മറുപടിയിൽ നോട്ട് ഫയലിന്റെ (കുറിപ്പു ഫയലിന്റെ) പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടില്ലെന്നാണ് ടിയാന്റെ അപ്പീലിലെ ആക്ഷേപമെന്നും ആയതു പ്രകാരം ടിയാന് നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കിക്കൊണ്ട് അപ്പീൽ തീർപ്പാക്കിയെന്നുമാണ്. തുടർന്ന് ടിയാൻ വീണ്ടും കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും ടി ഓഫീസിൽ സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും സമയബന്ധിതമായി മറുപടി നൽകിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 28.91.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, കാട്ടാക്കട കോടതിയിൽ ഓഫീസ് അറ്റൻഡന്റായി ജോലി നോക്കി വന്നിരുന്ന ശ്രീ.അജയകുമാറിന് കാട്ടാക്കട കോടതിയിൽ നിന്നും എത്ര സാലറി സർട്ടി

ഫിക്കറ്റുകൾ വാങ്ങിയിരുന്നുവെന്നാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന തെന്നും രേഖകൾ പരിശോധിച്ചതിൽ നിന്നും അന്നത്തെ എസ്.പി.ഐ.ഒ. ടിയാന് തൃപ്തികരമായ മറുപടി നൽകിയിട്ടില്ലെന്നും ടിയാൻ 31.07.2018ൽ റിട്ടയർ ആയി പ്പോയിയെന്നുമാണ്. കൂടാതെ 2014–2015 കാലഘട്ടത്തിൽ ശ്രീ.അജയകുമാർ നെടു മങ്ങാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി – 1 ലാണ് ജോലി ചെയ്തി രുന്നതെന്നും ടിയാന്റെ സർവ്വീസ് ഡീറ്റെയിൽസ് അറിയുന്നതിനു വേണ്ടി ഇപ്പോൾ ജോലി ചെയ്യുന്ന നെയ്യാറ്റിൻകര ജുഡീഷ്യൽ ഫസറ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി–2ൽ നിന്നും രേഖകൾ ഹാജരാക്കുവാൻ ടിയാന് 20 ദിവസത്തെ സമയം അനുവദിച്ചു നൽകണമെന്നുമാണ്. അപ്രകാരം കമ്മീഷൻ സമയം അനുവദിച്ച തിന്റെ അടിസ്ഥാനത്തിൽ 01.02.2020ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരി ക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന ശ്രീ.അജയകു മാർ എന്നയാൾ ടി ഓഫീസിൽ 16.02.2015ന് ജോയിന്റ് ചെയ്യുകയും 18.11.2016ന് റിലീവ് ചെയ്യുകയും ചെയ്തുവെന്നും ടി കാലയളവിൽ 08.03.2016ൽ ഒരു സാലറി സർട്ടിഫിക്കറ്റ് അനുവദിച്ചതായി കാണുന്നുവെന്നുമാണ്. ഒന്നാം എതിർകക്ഷി യുടെ മൊഴിയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയുരുത്തി ഇന്നേദിവസം 2020 മാർച്ച് 12–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM